(എച്ച്) ഫാക്ടറിയുടെ നിയന്ത്രണം വന സംരക്ഷണ സമിതികളുടേയും സർക്കാർ വകുപ്പുകളുടേയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും പങ്കാളിത്തമുള്ള ഒരു ട്രസ്റ്റിന് നൽകാനാണ് പരിഗണനയിലുള്ള പദ്ധതിയിൽ ഉദ്ദേശിക്കുന്നത്. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

ചന്ദനത്തൈല ഫാക്ടറികൾക്കു ലഭിക്കുന്ന ചന്ദനമരം

122 (1921) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പൊതുമേഖലയിലും സ്വകാര്യമേഖലയിലുമായി എത്ര ചന്ദനത്തൈല ഫാക്ടറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ;

(ബി) ഇത്തരം ചന്ദനത്തൈല ഫാക്ടറികൾക്ക് ചന്ദനമരം ലഭ്യമാക്കുന്നത് എങ്ങനെയാണെന്ന് വിശദീകരിക്കുമോ ;

(സി) സർക്കാർ അധീനതയിലുള്ള ചന്ദനമരങ്ങൾ ലേലം ചെയ്ത് ഇത്തരം ഫാക്ടറികൾക്കു നൽകാറുണ്ടോ ;

(ഡി) ഇങ്ങനെ നൽകുന്നില്ലെങ്കിൽ ഇത്തരം ഫാക്ടറികൾക്ക് ചന്ദനമരം ലഭിക്കുന്നതെങ്ങനെയെന്ന് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ചന്ദന ഫാക്ടറികൾക്ക് വനം വകുപ്പ് ലൈസൻസ് നൽകിയിട്ടില്ല.

(ബി-ഡി) കേരളത്തിലെ വനങ്ങളിൽ നിന്നും ചന്ദന ഫാക്ടറികളുടെ പ്രവർത്തനത്തിനാവശ്യമായ ചന്ദനം പൂർണ്ണമായും ലഭിക്കുന്നില്ല. സർക്കാർ അധീനതയിലുള്ള മറയൂർ ഡിപ്പോയിൽനിന്നും പൊതുലേലത്തിൽ വിൽക്കുന്ന ചന്ദനം ഫാക്ടറികൾക്കു ലേലം കൊള്ളാവുന്നതാണ്. ഇതോടൊപ്പം അയൽ സംസ്ഥാനത്ത് നിന്നും ലഭിക്കുന്ന ചന്ദനത്തടികളും ഇത്തരം ഫാക്ടറികൾ ഉപയോഗിച്ചു വരുന്നുണ്ടെന്നു മനസ്സിലാക്കുന്നു.

കേരളത്തിലെ ചന്ദനമരങ്ങൾ

123 (1922) ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏറ്റവും ഒടുവിലത്തെ കണക്കുകൾ പ്രകാരം കേരളത്തിൽ എത്ര ചന്ദനമരങ്ങൾ നിലവിലുണ്ട് ; ഈ കണക്കെടുപ്പ് നടത്തുന്നത് എന്നാണ് ; അവസാനമായി കണക്കെടുപ്പ് നടത്തിയത് എന്നായിരുന്നു ; അന്നത്തെ കണക്ക് പ്രകാരം എത്ര മരങ്ങൾ ഉണ്ടായിരുന്നു ;

(ബി) അനധികൃത ചന്ദനഫാക്ടറികൾ കേരളത്തിൽ പ്രവർത്തിക്കുന്നതിന് പിന്നിൽ പ്രബലരായ രാഷ്ട്രീയശക്തികളുടെ സ്വാധീനമുണ്ടെന്ന വസ്തുത അംഗീകരിക്കുമോ ; എങ്കിൽ ആയത് തടയാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം മാഫിയയെ ശക്തിയുക്തം നേരിടുമെന്ന സർക്കാരിന്റെ തീരുമാനം പ്രാവർത്തികമാക്കാൻ ഇതിനകം കൈക്കൊണ്ട നടപടികൾ ഏവ ; അവയുടെ ഫലപ്രാപ്തിയെക്കുറിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മറയൂരിലെ ചന്ദനക്കാടുകളിൽ മാത്രമേ കണക്കെടുപ്പ് നടത്തിയിട്ടുള്ളൂ. 31-10-2001-ലെ കണക്കെടുപ്പ് പ്രകാരം മൊത്തം 65427 ചന്ദനമരങ്ങളുണ്ടെന്ന് തിട്ടപ്പെടുത്തിയിരുന്നു. 2003-ലെ കണക്കുകൾ പ്രകാരം 61978 ചന്ദന മരങ്ങളാണുള്ളത്. മറ്റു സ്ഥലങ്ങളിൽ കണക്കെടുപ്പ് നടത്തിയിട്ടില്ല.

(ബി) രാഷ്ട്രീയ ശക്തികളുടെ സ്വാധീനത്തെപ്പറ്റി വിവരം ലഭ്യമല്ല.

(സി) വനസംരക്ഷണം കാര്യക്ഷമമാക്കുന്നതിനായി സംരക്ഷണ വിഭാഗം ജീവനക്കാരെ വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി സജ്ജരാക്കി ഫീൽഡ് പട്രോളിംഗ് കർശനമാക്കിയിട്ടുണ്ട്. കൂടുതൽ ഫോറസ്റ്റ് സ്റ്റേഷനുകൾ രൂപീകരിച്ച് സംരക്ഷണം ഫലവത്താക്കിയിട്ടുണ്ട്. പ്രശ്നാധിഷ്ഠിത പ്രദേശങ്ങളിൽ ആവശ്യാനുസരണം ജീവനക്കാരെ വിന്യസിക്കുകയും സംരക്ഷണപ്രവർത്തനങ്ങൾക്ക് പിൻബലമേകാൻ ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷനുകളും റെയിഞ്ചുകളും ജാഗ്രതയോടെ പ്രവർത്തിക്കുന്നു. വനസംരക്ഷണം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിൽ രണ്ട് റാപ്പിഡ് ആക്ഷൻ ഫോഴ്സുകൾ പ്രവർത്തിക്കുന്നുണ്ട്. അയൽ സംസ്ഥാനങ്ങളുമായുള്ള അതിർത്തി പ്രദേശങ്ങളിലെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡൻമാരും സംരക്ഷണ സംബന്ധമായ വിവരങ്ങൾ പരസ്പരം കൈമാറുകയും സംയുക്ത പട്രോളിംഗ് നടത്തി സംരക്ഷണപ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നുണ്ട്. വനം വന്യജീവി സംരക്ഷണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നവർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നുണ്ട്. വനസംരക്ഷണം, വന്യജീവി സംരക്ഷണം, പരിരക്ഷണം എന്നിവയുടെ ആവശ്യകതയെക്കുറിച്ച് പൊതുജനങ്ങളിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കുന്നതിന് പ്രകൃതിപഠനപ്രവർത്തനങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ട്. വനം സംബന്ധമായ കേസുകൾ വാദിക്കാൻ പ്രാഗൽഭ്യവും ആത്മാർത്ഥയുമുള്ള ഗവൺമെന്റ് പ്ലീഡർമാരെ നിയോഗിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. ചന്ദനക്കൊള്ള കർശനമായി തടയുന്നതിനായി മൂന്നാർ ഡിവിഷനിൽ ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തിക്കുന്നു. മൂന്നാർ ഡിവിഷന്റെ കീഴിൽ നിലവിലുള്ള ചെക്ക് പോസ്റ്റുകൾ കൂടാതെ മേത്താപ്പ്, എക്കോപോയിന്റ് എന്നീ സ്ഥലങ്ങളിൽ രണ്ട് ചെക്ക് പോസ്റ്റുകൾ പുതുതായി സ്ഥാപിക്കുകയും വണ്ണാംമുറയിലും പാലപ്പെട്ടിയിലും കൂടുതൽ ജീവനക്കാരെ നിയോഗിച്ച് പിക്കറ്റിംഗ് സ്റ്റേഷനുകൾ ശക്തിപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. സ്ത്രീകൾ ഉൾപ്പെട്ട കുറ്റകൃത്യങ്ങളിൽ വിശദപരിശോധനയ്ക്കായി വനിതാ വനസംരക്ഷണ ജീവനക്കാരികളെ മറയൂർ റെയിഞ്ചിനു കീഴിൽ നിയമിച്ചിട്ടുണ്ട്. രാത്രിയും പകലും കൂടുതൽ സ്റ്റാഫുകളെ നിയോഗിച്ച് പട്രോളിംഗ് ശക്തിപ്പെടുത്തിയിട്ടുണ്ട്. 'ഓപ്പറേഷൻ ഫ്രാഗ്രൻസ്' എന്ന

LIBRARY ARCHIVES Kerala Legislative Assembly

പേരിൽ ചന്ദനക്കള്ളക്കടത്തുകാരെ പിടികൂടുന്നതിനുള്ള രഹസ്യ ദൗത്യമായി തീവ്ര പട്രോളിംഗും നടപ്പിലാക്കിയിട്ടുണ്ട്. മേൽ പ്രവർത്തനങ്ങളുടെ ഫലമായി വനം കയ്യേറ്റം ഫലപ്രദമായി തടയുന്നതിനും അനധികൃതമായ മരംമുറി നിയന്ത്രിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

അനധികൃതമായ ചന്ദനഫാക്ടറികളുടെ പ്രവർത്തനം

124 (1923) ശ്രീ. വി. ചെന്താമരാക്ഷൻ :
ശ്രീ. കെ. രാധാകൃഷ്ണൻ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദനഫാക്ടറികൾ ചന്ദനത്തൈലം ഉണ്ടാക്കുന്നത് സംസ്ഥാനത്തെ വനങ്ങളിൽനിന്നും വെട്ടുന്ന ചന്ദനത്തടികൾ ഉപയോഗിച്ചാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്തെ വനങ്ങളിൽ ചന്ദന മരങ്ങളുടെ എണ്ണം കുറഞ്ഞു വരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ ;

(സി) വനം മാഫിയാ സംഘങ്ങൾ വൻതോതിൽ ചന്ദനമരങ്ങൾ മുറിച്ചു കടത്തുന്നതുമൂലം ചന്ദനമരങ്ങളുടെ എണ്ണം കുറയുന്നതിന് കാരണമായിട്ടുണ്ടെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) അനധികൃതമായ ചന്ദനഫാക്ടറികളുടെ പ്രവർത്തനവും ചന്ദന മരങ്ങൾ മുറിച്ചു കടത്തുന്നതും തടയാൻ ഉതകുന്ന തരത്തിൽ ചന്ദന വ്യവസായം ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ചന്ദന ഫാക്ടറികൾ ചന്ദനത്തൈലം ഉണ്ടാക്കുന്നത് സംസ്ഥാനത്തിനുള്ളിൽ നിന്നും ലഭിക്കുന്ന ചന്ദനത്തടിമാത്രം ഉപയോഗിച്ചാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതു സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല.

(സി) ഉണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly